ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 11.04.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) 42 മാവോയിസ്റ്റുകൾ കൂടി കീഴടങ്ങിയതോടെ തെലങ്കാനയെ നക്സൽ മുക്തമായി പ്രഖ്യാപിച്ചു.

   Telangana declared Naxal free after 42 cadres surrender.

2. ആർട്ടമിസ് 2 ചാന്ദ്ര ദൗത്യം പൂർത്തിയാക്കി സുരക്ഷിതരായി ഭൂമിയിൽ തിരിച്ചെത്തി നാസയുടെ ബഹിരാകാശ യാത്രികർ.

   NASA's Artemis II astronauts return to Earth, ending record-breaking trip around moon.

3. ഗഗൻയാൻ ദൗത്യത്തിനു മുന്നോടിയായുള്ള, എയർ ഡ്രോപ്പ് ടെസ്റ്റ് - IADT-2, വിജയകരമായി പൂർത്തിയാക്കി, I.S.R.O.

   ISRO successfully conducts second integrated air drop test for upcoming Gaganyaan mission.

4. പശ്ചിമേഷ്യൻ സംഘർഷം അവസാനിപ്പിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ഇറാൻ - അമേരിക്ക ചർച്ച ഇന്ന് ഇസ്ലാമാബാദിൽ.

   US and Iran to hold direct talks in Islamabad today to end West Asia conflict.

5 കേരളത്തിൽ താപനില ഉയരുന്നു. വയനാട്, ഇടുക്കി ഒഴികെയുള്ള ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

Temperature continues to rise in Kerala. Yellow alert in districts except Wayanad and Idukki today.

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. പഞ്ചാബ് ഹൈദരാബാദിനെയും, ചെന്നൈ ഡൽഹി യെയും നേരിടും.

In IPL Cricket Punjab will face Hyderabad and Chennai will face Delhi today.

&&&&&&&&&&&&&&&&

## TELANGANA NAXAL

42 മാവോയിസ്റ്റുകൾ കൂടി കീഴടങ്ങിയതോടെ തെലങ്കാനയെ നക്സൽ മുക്തമായി പ്രഖ്യാപിച്ചു. സംസ്ഥാന പോലീസ് മേധാവി ശിവധർ റെഡ്ഡിയാണ് ഇക്കാര്യം അറിയിച്ചത്. മാവോയിസ്റ്റ് സംസ്ഥാന കമ്മിറ്റിയെ പിരിച്ച് വിട്ടതായും സംസ്ഥാന പോലീസ് മേധാവി വ്യക്തമാക്കി.

&&&&&&&&&&&&&&&&

## ARTEMIS

പത്ത് ദിവസം നീണ്ടുനിന്ന നാസയുടെ ആർട്ടമിസ് 2 ചാന്ദ്ര ദൗത്യം പൂർത്തിയാക്കി സംഘാംഗങ്ങൾ സുരക്ഷിതരായി ഭൂമിയിൽ തിരിച്ചെത്തി. പസഫിക്ക് സമുദ്രത്തിൽ ഇന്ന് പുലർച്ചെയാണ് ഇവരെ വഹിച്ചുകൊണ്ടുള്ള പേടകം ഇറങ്ങിയത്. സാൻഡിയാഗോ തീരത്ത് നിന്ന് USS ജോൺ പി മുർത്ത കപ്പൽ മാർഗം, പേടകത്തിൽ നിന്നും അംഗങ്ങളെ തീരത്ത് എത്തിച്ച് വൈദ്യപരിശോധന നടത്തി. ചന്ദ്രന്റെ ഇതുവരെയും മനുഷ്യർ കാണാത്ത ഭാഗം, ഒരു പൂർണ സൂര്യ ഗ്രഹണം എന്നിവയ്ക്ക് യാത്രികരായ കമാൻഡർ റീഡ് വൈസ്മാൻ, പൈലറ്റ്

വിക്ടർ ഗ്ലോവർ, ക്രിസ്റ്റീന കോഹ്, കാനഡയുടെ ജെറെമി ഹാൻസൺ എന്നിവർ സാക്ഷ്യം വഹിച്ചു.

&&&&&&&&&&&&&&&&

## ISRO - GAGANYAAN

ഗഗൻയാൻ ദൗത്യത്തിനു മുന്നോടിയായുള്ള, എയർ ഡ്രോപ്പ് ടെസ്റ്റ് - IADT-2, വിജയകരമായി പൂർത്തിയാക്കി, I.S.R.O. ഗഗൻയാൻ ദൗത്യത്തിൽ, ബഹിരാകാശയാത്രികർ ഇരിക്കുന്ന ക്രൂ മൊഡ്യൂളിന്റെ സുരക്ഷിതമായ വീണ്ടെടുക്കൽ ഉറപ്പാക്കാൻ ഈ സംവിധാനം അത്യാവശ്യമാണ്. കഴിഞ്ഞ വർഷം ഓഗസ്റ്റിൽ ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നടന്ന ആദ്യത്തെ IADT വിജയകരമായി പൂർത്തിയാക്കിയതിനെ തുടർന്നാണ് IADT-2 നടത്തിയത്. പരീക്ഷണം വിജയകരമായി നടത്തിയതിന് കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ്, ഐഎസ്ആർഒയെ അഭിനന്ദിച്ചു. അടുത്ത വർഷം, ഇന്ത്യയുടെ ആദ്യത്തെ മനുഷ്യ ബഹിരാകാശ യാത്ര നടത്താനാണ് I.S.R.O. ലക്ഷ്യമിടുന്നത്

&&&&&&&&&&&&&&&&

## JYOTHIBA BULE

ഇന്ന് സാമൂഹിക പരിഷ്കർത്താവ് മഹാത്മാ ജ്യോതിബ ഫൂലെയുടെ ജന്മവാർഷിക ദിനം. 1827 ൽ ജനിച്ച അദ്ദേഹവും ഭാര്യ സാവിത്രി ഫൂലെയും ജാതിവ്യവസ്ഥയ്ക്കും തൊട്ടുകൂടായ്മയ്ക്കും എതിരെ പോരാടിയ മഹാത്മാക്കളായിരുന്നു. സ്ത്രീ ശാക്തീകരണത്തിനും സ്ത്രീകളുടെയും പെൺകുട്ടികളുടെയും വിദ്യാഭ്യാസത്തിനും വേണ്ടി ഇരുവരും നടത്തിയ പ്രവർത്തനങ്ങളും ഏറെ നിർണായകമായിരുന്നു. രാഷ്ട്രപതി ദ്രൗപതി മുർമു, ഉപ രാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ഉൾപ്പടെയുള്ളവർ ഇന്ന് പാർലമെന്റ് പരിസരത്തെ പ്രേരണ സ്ഥലിൽ ജ്യോതിബ ഫൂലെയുടെ പ്രതിമയിൽ പുഷ്പാർച്ചന നടത്തി.

&&&&&&&&&&&&&&&&

## WB-NOMINATIONS

പശ്ചിമബംഗാളിൽ രണ്ടാംഘട്ട തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന പൂർത്തിയായി. ആകെ

സമർപ്പിച്ച 1,525 പത്രികകളിൽ 1,463 എണ്ണം സ്വീകരിച്ചു. പത്രിക പിൻവലിക്കാനുള്ള അവസാന തീയതി ഏപ്രിൽ 13 ആണ്. രണ്ടാം ഘട്ട തെരഞ്ഞെടുപ്പ് 29ന് നടക്കും. ഈ മാസം 23 ന് വോട്ടെടുപ്പ് നടക്കുന്ന തമിഴ്നാട്ടിലും ബംഗാളിൽ ആദ്യഘട്ട വോട്ടെടുപ്പിനുമുള്ള പ്രചാരണം ഊർജിതമായി പുരോഗമിക്കുന്നു.

&&&&&&&&&&&&&&&&

## WEST ASIA: US-IRAN TALKS(INTRO)

പശ്ചിമേഷ്യൻ സംഘർഷം അവസാനിപ്പിക്കുന്നതുമായി ബന്ധപ്പെട്ട്, അമേരിക്കയും ഇറാനും ഇന്ന് ഇസ്ലാമാബാദിൽ നേരിട്ട് ചർച്ച നടത്തും.
വിശദാംശങ്ങളിലേക്ക്.... (വോയ്സ്)

*പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ഇറാനുമായി മധ്യസ്ഥ ചർച്ച നടത്തുന്ന അമേരിക്കൻ സംഘത്തിന്, വൈസ് പ്രസിഡന്റ് ജെ ടി വാൻസ് നേതൃത്വം നൽകും. അമേരിക്കൻ പ്രസിഡന്റിന്റെ പ്രത്യേക പ്രതിനിധി സ്റ്റീവ് വിറ്റകോഫും ഉപദേഷ്ടാവ് ജാരെഡ് കുഷ്നറും യു എസ് പ്രതിനിധി സംഘത്തിൽ അംഗങ്ങളാണ്. ഇറാനെ, പാർലമെന്റ് സ്പീക്കർ മുഹമ്മദ് ബാക്കർ കാലിബാഫ് പ്രതിനിധീകരിക്കും. ഇറാന്റെ ആണവ സമ്പുഷ്ടീകരണ പദ്ധതി, ബാലിസ്റ്റിക് മിസൈൽ വികസനം, ഹോർമുസ് കടലിടുക്ക് വഴിയുള്ള കപ്പൽ ഗതാഗതം എന്നിവ ചർച്ചയാകുമെന്നാണ് പ്രതീക്ഷ.*

*ഇറാനെതിരായ സൈനിക നീക്കത്തിന് ശേഷം യുഎസ് പ്രസിഡന്റ് ഡോണാൾഡ് ട്രംപ് പ്രഖ്യാപിച്ച രണ്ടാഴ്ചത്തെ വെടിനിർത്തൽ പ്രഖ്യാപനത്തിന് ശേഷമാണ് ചർച്ചകൾ നടക്കുന്നത്. ഹോർമുസ് കടലിടുക്കിന്മേലുള്ള നിയന്ത്രണം, പ്രാദേശിക താവളങ്ങളിൽ നിന്ന് യുഎസ് സേനയെ പിൻവലിക്കൽ, യുറേനിയം സമ്പുഷ്ടമാക്കാനുള്ള അവകാശം അംഗീകരിക്കൽ, ലെബനനിലെ ഹിസ്ബുള്ളയ്ക്കെതിരായ ഇസ്രായേലി ആക്രമണങ്ങൾ അവസാനിപ്പിക്കൽ തുടങ്ങി 10 നിർദ്ദേശങ്ങളാണ് ഇറാൻ മുന്നോട്ട് വച്ചിരിക്കുന്നത്.*

*അതേസമയം, ആണവ, മിസൈൽ നിയന്ത്രണങ്ങളും സമുദ്ര സുരക്ഷയും ഉൾപ്പെടെയുള്ള നിർദ്ദേശങ്ങളാണ് അമേരിക്ക*

*ഉയർത്തിയിരുന്നത്. യുഎസ്-ഇറാൻ ചർച്ചകൾക്ക് പുറമേ, ഇസ്രായേൽ-ലെബനൻ ചർച്ചകളും അടുത്ത ആഴ്ച വാഷിംഗ്ടണിൽ ആരംഭിക്കുമെന്നാണ് കരുതുന്നത്. ന്യൂസ് ഡെസ്ക് ആകാശവാണി .......*

&&&&&&&&&&&&&&&&

## WEST ASIA SHIP-TRANSPORTATION

പശ്ചിമേഷ്യ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ചരക്കു നീക്കം, പാക്കിങ്, കപ്പൽ ഗതാഗതം എന്നിവയിലെ വെല്ലുവിളികൾ അവലോകനം ചെയ്യുന്നതിനായി വാണിജ്യ വകുപ്പ്, തുറമുഖ - ഷിപ്പിംഗ് മന്ത്രാലയം എന്നിവയുടെ നേതൃത്വത്തിൽ ഉന്നത തല യോഗം ചേർന്നു. വാണിജ്യ സെക്രട്ടറി നേതൃത്വം നൽകിയ യോഗം, പാക്കിങ് സാമഗ്രികളുടെ ലഭ്യതക്കുറവ് അടക്കമുള്ള വെല്ലുവിളികൾ ചർച്ച ചെയ്തു.

&&&&&&&&&&&&&&&&

## FOREIGN SECY-PARIS VISIT

വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി നാളെ മുതൽ ഈ മാസം 14 വരെ പാരീസിലും ബെർലിനിലും ഔദ്യോഗിക സന്ദർശനം നടത്തും. പാരീസിൽ, ഫ്രഞ്ച് വിദേശകാര്യ മന്ത്രാലയ സെക്രട്ടറിയുമായും ബെർലിനിൽ, ജർമ്മൻ വിദേശകാര്യ ഓഫീസ് സ്റ്റേറ്റ് സെക്രട്ടറിയുമായും ചേർന്ന്, വിദേശകാര്യ ഓഫീസ് കൺസൽട്ടേഷനുകൾക്ക് അദ്ദേഹം നേതൃത്വം നൽകും. പ്രതിരോധം, സുരക്ഷ, സാങ്കേതികവിദ്യ, ഹരിത ഊർജ്ജം, വിദ്യാഭ്യാസം, ബഹിരാകാശം തുടങ്ങി വിവിധ വിഷയങ്ങളിൽ ചർച്ചകൾ നടക്കും.

&&&&&&&&&&&&&&&&

## Sreenanda- Death

കർണ്ണാടകയിലെ ചിക്കമംഗളുരുവിൽ കൊക്കയിൽ വീണ് മരിച്ച നിലയിൽ കണ്ടെത്തിയ ശ്രീനന്ദയുടെ മൃതദേഹം പാലക്കാട്ടെ കടമ്പഴിപ്പുറം കൊല്ലിയാനിയിലെ വീട്ടിലെത്തിച്ചു. വീട്ടിലെ പൊതുദർശനത്തിൽ

ശ്രീനന്ദയ്ക്ക് അന്ത്യാഞ്ജലി അർപ്പിക്കാൻ നിരവധി പേരാണ് എത്തുന്നത്. പൊതുദർശനത്തിനു ശേഷം തിരുവില്വാമല

ഐവർമഠം ശ്മശാനത്തിൽ ഉച്ചയ്ക്ക് 1.30ന് മൃതദേഹം സംസ്കരിക്കും. ചൊവ്വാഴ്ച വൈകീട്ടാണ് ശ്രീനന്ദയെ മാണിക്കധാര വെള്ളച്ചാട്ടത്തിൻറെ വ്യൂ പോയിന്റിന് സമീപം കാണാതായത്. നാല് ദിവസത്തെ തിരച്ചിലിനൊടുവിലാണ് 1500 അടി താഴ്ചയിൽ ഹർഷന ഗുഹയിൽ ഇന്നലെ മൃതദേഹം കണ്ടെത്തിയത്.

&&&&&&&&&&&&&&&&

## World Parkinson's Day (Intro)

ഇന്ന് ലോക പാർക്കിൻസൺസ് ദിനം. പാർക്കിൻസൺസ് രോഗത്തെക്കുറിച്ചുള്ള അവബോധം വളർത്തുകയും, രോഗബാധിതർക്ക് പിന്തുണ നൽകുകയുമാണ് ദിനാചരണത്തിന്റെ ലക്ഷ്യം.
ഒരു റിപ്പോർട്ട്

*പാർക്കിൻസൺസ് രോഗത്തെക്കുറിച്ച് ഔദ്യോഗികമായി ആദ്യമായി വിവരിച്ച ഡോക്ടർ ജെയിംസ് പാർക്കിൻസന്റെ ജന്മദിനമാണ് ലോക പാർക്കിൻസൺസ് ദിനമായി ആചരിക്കുന്നത്. 'പരിചരണത്തിലെ അന്തരങ്ങൾ ഇല്ലാതാക്കുക' എന്നതാണ് ഈ വർഷത്തെ പാർക്കിൻസൺസ് ദിനാചരണ പ്രമേയം. ലോകത്ത് ഏറ്റവും വേഗത്തിൽ പടരുന്ന ന്യൂറോളജിക്കൽ ഡിസോർഡറുകളിൽ ഒന്നാണ് പാർക്കിൻസൺസ്.*
*കൈകാലുകളിലെ വിറയൽ, പേശികളുടെ കാഠിന്യം, ചലനവേഗത കുറയുക, ശരീരത്തിന്റെ തുലനാവസ്ഥ നിലനിർത്താൻ പ്രയാസം നേരിടുക എന്നിവയാണ് രോഗത്തിന്റെ പ്രാരംഭ ലക്ഷണങ്ങൾ. ഇവ നേരത്തെ തിരിച്ചറിഞ്ഞ് ചികിത്സ ആരംഭിക്കുന്നത് രോഗിയുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ സഹായിക്കും.*
*രോഗത്തെക്കുറിച്ചുള്ള തെറ്റായ ധാരണകൾ മാറ്റുക, രോഗികൾക്ക് അർഹമായ ചികിത്സയും പരിചരണവും ഉറപ്പാക്കുക, നേരത്തെയുള്ള രോഗനിർണ്ണയം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ദിനാചരണത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.*
*ന്യൂസ് ഡെസ്ക് ആകാശവാണി*

&&&&&&&&&&&&&&&&

## HEAT -RAIN

കേരളത്തിൽ ഉയർന്ന അന്തരീക്ഷ താപനിലയെ തുടർന്ന് വയനാട്, ഇടുക്കി ഒഴികെയുള്ള ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ശനിയാഴ്ച പാലക്കാട് ജില്ലയിൽ 39 ഡിഗ്രി വരെയും കൊല്ലം ജില്ലയിൽ 38 ഡിഗ്രി വരെയും പകൽ താപനില ഉയരും. അതേസമയം വേനൽചൂടിന് ആശ്വാസമായി ചിലയിടങ്ങളിൽ മഴയെത്തി.

&&&&&&&&&&&&&&&&

## IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിംഗ്സ്-സൺറൈസേഴ്സ് ഹൈദരാബാദിനെയും, ചെന്നൈ സൂപ്പർ കിംഗ്സ് -ഡൽഹി ക്യാപിറ്റൽസിനെയും നേരിടും. വൈകുന്നേരം 3.30 നും രാത്രി 7.30 നുമാണ് മത്സരങ്ങൾ.

&&&&&&&&&&&&&&&&

## ISL FOOTBALL

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് രണ്ട് മത്സരങ്ങൾ. വൈകുന്നേരം 5 മണിക്ക് നടക്കുന്ന ആദ്യ മത്സരത്തിൽ ചെന്നൈയിൻ, ഈസ്റ്റ് ബംഗാളിനെയും 7.30 ന് ബെംഗളൂരു, കേരള ബ്ലാസ്റ്റേഴ്സിനെയും നേരിടും.

&&&&&&&&&&&&&&&&

## Journalism -IIMC

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിനു കീഴിലുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷന്റെ കോട്ടയം ക്യാമ്പസിൽ ഒരു വർഷത്തെ മലയാളം ജേർണലിസം ബിരുദാനന്തര ഡിപ്ലോമ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. എതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. പരീക്ഷാഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. മെയ് 23ന് പ്രവേശന പരീക്ഷ നടക്കും. അപേക്ഷകൾ മെയ് എട്ടിനകം സമർപ്പിക്കണം.

&&&&&&&&&&&&&&&&

## Asian Development Bank

നടപ്പു സാമ്പത്തിക വർഷത്തെ ഇന്ത്യയുടെ വളർച്ചാ പ്രവചനം ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് 6.5 ശതമാനത്തിൽ നിന്ന് 6.9 ശതമാനമായി ഉയർത്തി. ഏഷ്യൻ ഡെവലപ്മെന്റ് ഔട്ലുക്ക് റിപ്പോർട്ട് പ്രകാരം, ശക്തമായ ആഭ്യന്തര ആവശ്യം, ലഘൂകരിച്ച വായ്പാ വ്യവസ്ഥകൾ, ഇന്ത്യൻ ഉൽപ്പന്നങ്ങൾക്ക് മേൽ അമേരിക്ക ഏർപ്പെടുത്തിയ കുറഞ്ഞ ഇറക്കുമതി ചുങ്കം എന്നിവയുടെ പിൻബലത്തിൽ ഇന്ത്യയിലെ സാമ്പത്തിക വളർച്ച ശക്തമായി തുടരുമെന്നാണ് വിലയിരുത്തൽ.

&&&&&&&&&&&&&&&&

## MARATHWADS-EARTHQUAKE

മഹാരാഷ്ട്രയിലെ ഹിംഗോലി, നന്ദേഡ്,

പർഭണി ജില്ലകളിൽ ഭൂചലനം റിപ്പോർട്ട് ചെയ്തു. ഇന്ന് രാവിലെ 8:45 ഓടെയാണ്, റിക്ടർ സ്കെയിലിൽ 4.7 തീവ്രത രേഖപ്പെടുത്തിയ ഭൂചലനം അനുഭവപ്പെട്ടത് . ഇതുവരെ ആളപായമൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. ജനങ്ങളോട് പരിഭ്രാന്തരാകരുതെന്നും കിംവദന്തികളിൽ വിശ്വസിക്കരുതെന്നും ജില്ലാ ഭരണകൂടം അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&

## KANNUR WEB CASTING

രാജ്യത്ത് ആദ്യമായി തിരഞ്ഞെടുപ്പിൽ നൂറ് ശതമാനം വെബ് കാസ്റ്റിംഗ് വിജയകരമായി നടത്തി കണ്ണൂർ ജില്ല. സമാധാനപരവും സുതാര്യവുമായ തിരഞ്ഞെടുപ്പ് ഉറപ്പാക്കുന്നതിൽ ക്യാമറകൾ ഏറെ നിർണായകമായി. വാർ റൂം മാതൃകയിലായിരുന്നു വ്യാഴാഴ്ച ജില്ലാ കളക്ടറേറ്റിലെ വെബ് കാസ്റ്റിംഗ് കൺട്രോൾ റൂം സജ്ജമാക്കിയത്. ജില്ലയിലെ 2,183 പോളിംഗ് സ്റ്റേഷനുകളിൽ സ്ഥാപിച്ച 4,366 ക്യാമറ ദൃശ്യങ്ങളിലൂടെയാണ് തിരഞ്ഞടുപ്പ് നിരീക്ഷിച്ചത്.

&&&&&&&&&&&&&&&&

&&&&&&&&&&&

&&&&&